**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1400** **30-01-2018 ൽ മറുപടിക്ക്**

**ഉപാധിരഹിത പട്ടയം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ഒ. ആർ. കേളു<br>ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം അർഹരായ കൈവശക്കാർക്ക് ഉപാധിരഹിത പട്ടയം നൽകാനായി എടുത്ത നടപടികൾ വിശദമാക്കാമോ; | (എ) സ.ഉ (പി) നം.60/2017/ റവ തീയതി 17.08.2017 പ്രകാരം 1964-ലെ കേരള ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തികൊണ്ട് കൈവശമല്ലാത്ത ഭൂമി പതിച്ച് കിട്ടിയാൽ 25 വർഷത്തേക്കു കൈമാറ്റം ചെയ്യാൻ പാടില്ലായെന്നുള്ള വ്യവസ്ഥ ഭേദഗതി ചെയ്തു 12 വർഷമായി പുനർനിർണ്ണയം ചെയ്തു. കൈവശമുള്ള ഭൂമി പതിച്ചു കിട്ടുന്ന സംഗതിയിൽ കൈമാറ്റം ചെയ്യുന്നതിനും തടസ്സമില്ലാത്തതാണ്. കൈവശമുള്ള ഭൂമി പതിച്ചുനൽകുന്നതിനുണ്ടായിരുന്ന വരുമാന പരിധി ഒഴിവാക്കി ഭൂമി എല്ലാ ധനകാര്യ സ്ഥാപനങ്ങളിലും പണയപ്പെടുത്താവുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തി. ചന്ദനം ഒഴികെയുള്ള കർഷകർ വച്ച് പിടിപ്പിക്കുന്ന മരങ്ങൾ മുറിക്കുന്നതിനുതകുന്ന വ്യവസ്ഥ ഉൾപ്പെടുത്തി. |
| (ബി) വനം വകുപ്പുമായി സംയുക്ത പരിശോധന ആവശ്യമുള്ള കേസുകളിൽ സത്വര പരിശോധന നടത്തി അപേക്ഷകളിൽ തീരുമാനം എടുക്കാൻ നിർദ്ദേശം നൽകുമോ; | (ബി) 16.08.2017 - ന് റവന്യൂ മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ 2017 ഡിസംബർ 31 ന് മുമ്പ് എല്ലാ ജില്ലകളിലെയും സംയുക്ത പരിശോധന പൂർത്തിയാക്കി കേന്ദ്ര സർക്കാരിന്റെ അനുമതി വാങ്ങുന്നതിനും സംയുക്ത പരിശോധന പൂർത്തിയായ ജില്ലകളിലെ വിവരങ്ങൾ ഓൺലൈൻ ആയി കേന്ദ്ര സർക്കാരിന് അയച്ച് അനുമതി വാങ്ങുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) കുടിയേറ്റക്കാരെയും കയ്യേറ്റക്കാരെയും കൃത്യമായി വേർതിരിച്ചുകണ്ട്, കുടിയേറ്റക്കാർക്കിടയിൽ നിക്ഷിപ്ത താല്പര്യക്കാർ പരത്തുന്ന ആശങ്ക ദൂരീകരിക്കാൻ വേണ്ട നടപടിയെടുക്കുമോ? | (സി) നടപടി സ്വീകരിച്ചുവരുന്നു |

**സെക്ഷൻ ഓഫീസർ**